## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1049

08.01.2014 ലെ മറുപടിയ്ക്ക്

## ഗ്രാൻഡ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ നടത്തിപ്പിലെ പോരായ്മകൾ

| ചോദ്യം<br>ശ്രീ.ഇ.പി.ജയരാജൻ | | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ<br>ബഹു. പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി |
|---|---|---|
| എ) ഗ്രാൻഡ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ നടത്തിപ്പിന്റെ പോരായ്മകൾ വൈകല്യങ്ങൾ ചൂണ്ടിക്കാട്ടി ഏതെങ്കിലും വ്യാപാരി സംഘടനകൾ ബഹു. ഹൈക്കോടതിയിൽ പരാതി നൽകുകയുണ്ടായോ ; | എ) | ഗ്രാൻഡ് കേരളാ ഷോപ്പിംഗ് ഫെസ്റ്റിവലിന്റെ ഈ വർഷത്തെ ലോജിസ്റ്റിക്സ് പാർട്ട്ണർ ആയി കേരള വ്യാപാരി വ്യവസായി ഏകോപന സമിതിയെ തെരഞ്ഞെടുത്തതിനെ ചോദ്യം ചെയ്തുകൊണ്ട് ചില വ്യാപാരി സംഘടനകൾ ബഹു. ഹൈക്കോടതിയിൽ പരാതി നൽകുകയുണ്ടായി. |
| ബി) എങ്കിൽ ഏതെല്ലാം സംഘടനകളാണ് പരാതി നൽകിയത് ; | ബി) | കേരളാ സംസ്ഥാന വ്യാപാരി വ്യവസായി സമിതി, കേരളാ മെർച്ചന്റ്സ് യൂണിയൻ, കേരളാ ചേംബർ ഓഫ് കോമേഴ്സ് എന്നീ സംഘടനകളാണ് പരാതി നൽകിയത്. |
| സി) ഇതു സംബന്ധിച്ച് സർക്കാർ നൽകിയ സത്യവാങ്മൂലത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | സി) | ഇത് സംബന്ധിച്ച് സർക്കാർ നൽകിയ സത്യവാങ്മൂലത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ഡി) ബഹു.ഹൈക്കോടതി ഇക്കാര്യത്തിൽ എന്ത് നിർദ്ദേശമാണ് നൽകിയത് ; | ഡി) | ലോജിസ്റ്റിക്സ് പ്രവർത്തിക്കായി 18.10.2013 ൽ ജി.കെ.എസ്.എഫ് കേരളാ വ്യാപാരി വ്യവസായി ഏകോപനസമിതിയുമായി ഒപ്പ് വച്ച ധാരണാപത്രം റദ്ദുചെയ്തു ബഹു.ഹൈക്കോടതി ഈ പ്രവർത്തികൾക്ക് കുറെക്കൂടി സുതാര്യമായ രീതിയിൽ എല്ലാ വ്യാപാരി വ്യവസായി സംഘടനകളിൽ നിന്നും അപേക്ഷ ക്ഷണിച്ച് അതനുസരിച്ച് തീരുമാനം എടുക്കണമെന്ന് നിർദ്ദേശിക്കുകയുണ്ടായി. |
| ഇ) നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചത് ; | ഇ) | ബഹു.ഹൈക്കോടതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പത്ര പരസ്യം നൽകിയും ഔദ്യോഗിക വെബ്സൈറ്റിലൂടെ അറിയിപ്പ് നൽകിയും കേരളത്തിലെ വ്യാപാരി വ്യവസായികളിൽ നിന്നും താൽപര്യപത്രം ക്ഷണിക്കാനും ബന്ധപ്പെട്ടവരുടെ മീറ്റിംഗ് വിളിക്കാനും ഭരണതലത്തിൽ തീരുമാനിച്ചു. അതനുസരിച്ച് 13.12.2013 ൽ കേരളത്തിലെ വിവിധ വ്യാപാരി വ്യവസായി |

| | | | |
|---|---|---|---|
| | | | സംഘടനകളുടെ യോഗം ജി.കെ.എസ്.എഫ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ചേരുകയും ലോജിസ്റ്റിക്സ് ഏജൻസിയെ തെരഞ്ഞെടുക്കുന്നതിന് താൽപര്യപത്രം ക്ഷണിച്ചുകൊണ്ട് ജി.കെ.എസ്.എഫിന്റെ ഔദ്യോഗിക വെബ്സൈറ്റിലും പത്രങ്ങളിലും പരസ്യം നൽകിയിട്ടുണ്ടെന്ന് ടി സംഘടനകളെ അറിയിക്കുകയും ചർച്ചയ്ക്ക് വിധേയമാക്കുകയും ചെയ്തു. ഇതു സംബന്ധിച്ച് സുതാര്യമായ നടപടി ക്രമങ്ങളിലൂടെ ലോജിസ്റ്റിക്സ് പ്രവർത്തികൾക്ക് സർക്കാരിന് ഗുണകരമായ താൽപര്യപത്രം സമർപ്പിച്ച സംഘടനയുമായി ധാരണാപത്രം ഒപ്പിടുകയും ചെയ്തു. |
| എഫ്) | ഇത് സംബന്ധിച്ച് തീരുമാനം കൈക്കൊണ്ട യോഗത്തിന്റെ മിനിട്ട്സ് ലഭ്യമാക്കുമോ? | എഫ്) | അനുബന്ധം II ആയി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ